ഗവൺമെന്റിൽ നിന്ന് ശ്രീ. ജോർജ് തന്നെ രൂപ വാങ്ങിക്കൊണ്ടുപോയ ആ പെറ്റീഷൻ കോടതിയിൽ സമർപ്പിച്ചു. അപ്പോൾ കോടതിയിൽ ശ്രീ. ജോർജ് പറഞ്ഞത് വാസ്തവ വിരുദ്ധമാണെന്ന് അവിടെയുണ്ടായിരുന്ന വക്കീലൻമാർക്ക് എല്ലാം ബോദ്ധ്യമായി. കേസ് ജയിക്കുകയില്ല എന്ന് കണ്ടപ്പോൾ വലിച്ചുരാൻ വേണ്ടി കേന്ദ്രത്തിലേയ്ക്ക് ഒരു പെറ്റീഷൻ കൊടുത്തുകൊണ്ട് അത് എക്സ്പഡൈറ്റ് ചെയ്താൽ മതിയെന്ന് കോടതിയിൽ സമർപ്പിച്ചു. ഞാൻ എന്തു കുറ്റം ചെയ്തു, വാദി പ്രതിയായോ? ഇത് വളരെ മോശമാണ്, അതുപോലെതന്നെ ഓർഡറുകളിൽ ഒരെണ്ണം സെക്ഷൻ ആഫീസറാണ് ഓർഡറിട്ടിരിക്കുന്നത്, കമ്മ്യൂണിക്കേറ്റ് ചെയ്ത് ജി. ഒ. ഇറക്കിയത് സെക്ഷനാഫീസറാണെന്ന് ശ്രീ. ജോർജ് കോടതിയിൽ പറഞ്ഞു. ഞങ്ങൾ കൗണ്ടറിൽ പറഞ്ഞു, ഗവൺമെന്റിന്റെ എല്ലാ ഓർഡറും സെക്ഷനാഫീസറിൽക്കൂടിയാണ് ജി. ഒ. പോകേണ്ടത്. അവിടെ പൊളിഞ്ഞു, പിന്നെ ശ്രീ. ജോർജ് മൂന്നാമത് പറഞ്ഞു, തുക ലാപ്സായി എന്ന്, ഇവിടത്തെ തന്നെ ബുള്ളറ്റിനകത്ത് പുറത്തുവന്നിട്ടുണ്ട്. തുക ലാപ്സാകില്ല. റിവോൾവിംങ് ഫണ്ടാണ്. ചുരുക്കിപ്പറഞ്ഞാൽ ബോണഫൈഡീസ് ഇല്ലാതെ അടിസ്ഥാനരഹിതങ്ങളായിട്ടുള്ള കണ്ടൻസ് വച്ച് അവിടെ റിട്ട് പെറ്റീഷൻ കൊടുത്ത ഓരോ ഖണ്ഡികയും അടിസ്ഥാനരഹിതമായിട്ട് വന്നു.

അവസാനം ശ്രീ. ജോർജ് പെറ്റീഷൻ കേന്ദ്രത്തിലേയ്ക്കു കൊടുത്തുകൊണ്ട്, വലിച്ചുരിക്കൊണ്ട് പോയി. ഇതാണ് ഇന്നലെ നിയമസഭയിൽ പറഞ്ഞത്. ഞാൻ പറഞ്ഞതിൽ ഒരു കുഴപ്പവുമില്ല. ഞാൻ പറഞ്ഞതിൽ ഒരു തെറ്റുമില്ല.

VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2004-ലെ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ചിട്ടി ക്യാൻവാസിംഗ് ഏജന്റ്സ് വെൽഫെയർ ഫണ്ട് ബിൽ

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: 2004-ലെ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ചിട്ടി ക്യാൻവാസിംഗ് ഏജന്റ്സ് വെൽഫെയർ ഫണ്ട് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾസ് ഓഫ് പ്രൊസീഡ്യുവറനുസരിച്ച് പേഴ്സണൽ എക്സ്പ്ലനേഷൻ ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതി കൊടുക്കണം. അതിനു മറുപടി പറയുന്ന സമ്പ്രദായം ഇവിടെ ഇതുവരെ ഉണ്ടായിട്ടില്ല. അങ്ങനെ ബഹുമാനപ്പെട്ട കെ. എം. മാണിക്ക് പറയണമായിരുന്നുവെങ്കിൽ ചർച്ചയ്ക്ക് മുൻകൂട്ടി എഴുതി കൊടുക്കണമായിരുന്നു. അങ്ങനെ എഴുതി കൊടുത്തോ? ഇങ്ങനെ ഒരു സ്ഥിതിയിൽ പോയാൽ ഇവിടെ എന്താണ്, റൂൾസ് ഓഫ് പ്രൊസീഡ്യുവറും കാര്യങ്ങളും.....ബഹളം.....
.....

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശരിയാണ്. അങ്ങ് അനുവദിച്ചിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ഇവിടെ ഒരു മന്ത്രിയുടെ പരാമർശത്തെക്കുറിച്ച് പ്രതിഷേധവും പേഴ്സണൽ എക്സ്പ്ലനേഷനും നടത്താൻ ചട്ടപ്രകാരം ഒരു മെമ്പർക്ക് അനുവാദം കൊടുത്തിട്ടുണ്ട്. ആ മന്ത്രി ഇവിടെ ഹാജരായി അതിന്റെ കോപ്പി കൊടുക്കുകയും ചെയ്തു. അങ്ങയുടെ അനുവാദത്തോടുകൂടിയാണ് പറഞ്ഞത്. ചെയറിന്റെ അനുവാദത്തോടുകൂടി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാനല്ലെങ്കിൽ പിന്നെ എന്തിനാണ് അദ്ദേഹം ഇവിടെ ഇരിക്കുന്നത്?.....ബഹളം.....

മി. ഡെപ്യൂട്ടി സ്പീക്കർ: വെറുതെ സമയം കളയുന്നു.....ബഹളം.....

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ചിട്ടി ഏജന്റൻമാരുടെ കുടുംബത്തിനും അവരുടെ ആശ്രിതർക്കും ക്ഷേമം ഉറപ്പുവരുത്താനും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനും വേണ്ടിയാണ് ഞാൻ ഈ അനൗദ്യോഗിക ബില്ല് അവതരിപ്പിക്കുന്നത്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ ചിട്ടി ക്യാൻവാസിംഗ് ഏജന്റുമാരെ തെരഞ്ഞെടുക്കുന്നത് അതാത് മാനേജർമാരാണ്. ഏജന്ററുമാർ ക്യാൻവാസ് ചെയ്തു തരുന്ന ബിസിനസിന്റെ അടിസ്ഥാനത്തിൽ അവർക്ക് കമ്മിഷൻ നൽകി വരുന്നു. ഒരു ബ്രാഞ്ചിൽ പരമാവധി നിയമിക്കാവുന്ന ക്യാൻവാസിംഗ് ഏജന്റുമാരുടെ എണ്ണം പത്തായി നിജപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.എഫ്.ഇ.-യിലെ ചിട്ടികൾക്കുവേണ്ടി സ്ഥിരമായി ക്യാൻവാസിംഗ് നടത്തുന്ന ഏജന്റുമാരുടെ എണ്ണം വളരെ പരിമിതമാണ്. ഒരു ബ്രാഞ്ചിൽ ആരംഭിക്കുന്ന ചിട്ടികളുടെ 10 ശതമാനമെങ്കിലും ഏജന്റുമാർ ക്യാൻവാസ് ചെയ്തിരിക്കണമെന്ന നിബന്ധന പാലിക്കാൻ മിക്കവാറും ഏജന്റുമാർക്ക് കഴിയാറില്ല. അതുകൊണ്ടവർ ക്യാൻവാസിംഗ് ഏജന്റുമാരല്ലാതിയിതീരുന്നു. മാത്രമല്ല കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ചുകളിലെല്ലാം കംപ്യൂട്ടർവൽക്കരണം പുരോഗമിച്ചുവരികയാണ്. കംപ്യൂട്ടർവൽക്കരണം പൂർണ്ണമായി കഴിഞ്ഞാൽ നിലവിലുള്ള വിദ്യാസമ്പന്നരും പരിചയസമ്പന്നരുമായ ജീവനക്കാരുടെ സേവനം മാർക്കിറ്റിംഗ് തുടങ്ങിയ കാര്യങ്ങൾക്കായി ലഭ്യമാകുന്നതാണ്. ബഹുമാനപ്പെട്ട പ്രയാർ ഗോപാലകൃഷ്ണൻ നോട്ടീസ് നൽകിയ ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഒരു ക്ഷേമനിധി രൂപീകരിച്ച് അതിന്റെ പ്രവർത്തനം

സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ ഓഫീസ് ജീവനക്കാർ, ടെലിഫോൺ, വാഹനം തുടങ്ങി മിനിമം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള വരുമാനം ഇതിൽനിന്ന് ലഭ്യമാകാൻ സാധ്യതയില്ല. ഇത്തരം ഒരു സാഹചര്യത്തിൽ 2004-ലെ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ചിട്ടി കൃാൻവാസിംഗ് ഏജന്റ്സ് വെൽഫയർ ബില്ലിന് അവതരണാനുമതി നൽകണമെന്ന അദ്ദേഹത്തിന്റെ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, വളരെ ഖേദത്തോടുകൂടിയാണ് ബഹുമാന്യനായ മന്ത്രിയുടെ വിശദീകരണം കേട്ടത്. 1969-ൽ ശ്രീ. പി. കെ. കുഞ്ഞിന്റെയും അതുപോലെ ശ്രീ. എൻ. കെ. ശേഷന്റേയും ദിശാബോധത്തിന്റെ ഭാഗമായിട്ടാണ് സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് തുടങ്ങിയത്. 10 ജില്ലകളിൽ 10 ബ്രാഞ്ചുകളായി തുടങ്ങി ഇന്ന് രണ്ടായിരത്തിൽപ്പരം ഏജന്റുമാരും 230 ബ്രാഞ്ചുകളുമുള്ള ഈ സ്ഥാപനം കഴിഞ്ഞ വർഷം 140 കോടി രൂപയുടെ ചിട്ടി ബിസിനസ് നടത്തിയ, 60 കോടി രൂപയുടെ ലാഭമുണ്ടാക്കിയ സ്ഥാപനമാണ് ഇത്. ഇതിന്റെ ചരിത്രത്തിലേയ്ക്ക് തിരിഞ്ഞുനോക്കിയാൽ തുടക്കം മുതൽ ഇന്നേവരെയുള്ള കൃാൻവാസിംഗ് ഏജന്റുമാരുടെ സേവനങ്ങളുടെ ഗുണഫലം ബോദ്ധ്യമാകും. ഇപ്പോൾ ഈ സ്ഥാപനം സമ്പന്നമായിക്കഴിഞ്ഞു. ഇതിന്റെ വളർച്ചയ്ക്കുവേണ്ടി അദ്ധ്വാനിച്ച പാവപ്പെട്ട കൃാൻവാസിംഗ് ഏജന്റുമാരെ തള്ളിപ്പറയാൻ ബന്ധപ്പെട്ട മന്ത്രിക്കോ ഇപ്പോൾ അതിന്റെ ചെയർമാനായിരിക്കുന്ന ശ്രീ. വാസുദേവ ശർമ്മയ്ക്കോ മുമ്പ് ചെയർമാനായിരുന്ന എ. കെ. ബാലനോ കഴിയില്ല എന്നാണ് എന്റെ വിശ്വാസം. ഈ രംഗത്ത് ഫലപ്രദമായി, കൂടുതൽ പ്രയോജനകരമായി ചിട്ടി ബിസിനസ് നടത്തുന്ന ഈ സ്ഥാപനത്തോട് കാലോചിതമായ ബാദ്ധ്യതയും ഉത്തരവാദിത്വവും കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളുടെ രജിസ്ട്രേഷന്റെ പേരിൽ നടത്തുന്ന ചിട്ടികളുണ്ട്. എന്നാൽ നിലവിലുള്ള വിശ്വാസ്യതയുടെ അടിസ്ഥാനത്തിലാണ് ഈ സ്ഥാപനം വളർന്നുവന്നത്. ഇന്നും ഏജന്റുമാർ കൃാൻവാസ് ചെയ്യുന്ന ചിട്ടികളുടെ എണ്ണം അർത്ഥവത്താണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ദൗർഭാഗ്യവശാൽ ചില മാനേജർമാർ അവർക്കിഷ്ടമുള്ള ആളുകളെക്കൊണ്ട് കൃാൻവാസ് ചെയ്യിക്കുന്നതായ, കൃാൻവാസിംഗിനുശേഷം ബോഗസായി പേര് കുറിക്കുകയോ ഒക്കെ ചെയ്തതിന്റെ പരിണിതഫലമായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്രകാരം ഒരു പ്രസ്താവന നടത്താൻ ഇടയായതെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഈ സ്ഥാപനം നിലനിൽക്കണം. എൽ.ഐ.സി.-യിലെ ഏജന്റുമാരെപ്പോലെ സുരക്ഷ ഉറപ്പുവരുത്താൻ, അവരുടെ പ്രവർത്തനങ്ങൾക്ക് മാനദണ്ഡം ഉണ്ടാക്കാൻ, അവരെ പ്രോൽസാഹിപ്പാൻ ആവശ്യമായ സംവിധാനങ്ങളുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ചിട്ടിയുടെ കാര്യത്തിൽ ഇന്നുള്ള സ്ഥിതിവിശേഷത്തിൽ മാറ്റമുണ്ടാകണം. ഇപ്പോൾ ഓൺലൈൻ ചിട്ടികളുണ്ട്. എൻ.ആർ.ഐ.-യിൽ ഉൾപ്പെടുത്തി വിദേശത്ത് ജോലി ചെയ്യുന്നവരെപ്പോലും ചിട്ടികളിൽ ചേർക്കാനും ഇന്റർനെറ്റ്, വഴി ലേലത്തിൽ പങ്കെടുക്കാനും പണമടയ്ക്കാനും അടക്കമുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തി ആധുനികമായ ബിസിനസ് മാനേജുമെന്റ് ഈ കാര്യത്തിൽ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. അതുമാത്രമല്ല, ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എൽ.ഐ.സി.-യെപ്പോലെ അല്ലെങ്കിൽ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയെപ്പോലെയുള്ള സ്ഥാപനങ്ങളിൽ കോർപ്പറേറ്റ് ഏജന്റുമാരെ കൊടുക്കുന്നതിന് കെ.എസ്.എഫ്.ഇ. ചില നടപടിക്രമങ്ങൾ നടത്തിവരുന്നു എന്ന് മനസ്സിലാക്കുന്നു. ഈ ഏജന്റുമാരുടെ സേവനം അനിവാര്യമായി വരുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ പ്രധാനപ്പെട്ടതാണ് വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ സംവിധാനം സ്വാഭാവികമായും കൂഴൽപ്പണവും അതുപോലെയുള്ള സംവിധാനങ്ങളുമൊക്കെ നിലനിൽക്കുന്ന, ചൂഷണം ചെയ്യുന്ന സാഹചര്യത്തിൽ, കെ.എസ്.എഫ്.ഇ. പോലെയുള്ള സ്ഥാപനങ്ങൾ ഉത്തരവാദിത്വം ഏറ്റെടുത്ത് ഏജന്റുമാരുടെ സഹായത്തോടുകൂടി ഈ സ്ഥാപനത്തെ കൂടുതൽ ചൈതന്യവത്താക്കാനും കൂടതൽ പ്രയോജനകരമാക്കാനും കഴിയും. അതിൽ ഏജന്റുമാരുടെ അനിവാര്യത വളരെ പ്രാധാന്യമർഹിക്കുന്നു. ഇപ്പോൾ വെർച്വൽ ബാങ്കിംഗ് തുടങ്ങിയിട്ടുണ്ട്. നമ്മുടെ സൗകര്യം അനുസരിച്ച് ബിസിനസ്സിൽ വരുന്ന മാറ്റം, അത് ഉൾക്കൊള്ളാൻ പര്യാപ്തമായ ദിശാബോധം അതിനനുസരിച്ചുള്ള ഉദ്യോഗസ്ഥവൃന്ദത്തിന്റെ സഹായങ്ങളൊക്കെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ ക്യാൻവാസിംഗ് ഏജന്റുമാരെ സ്ഥിരമായി നിയമിക്കണമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. കമ്മിഷൻ വ്യവസ്ഥയിൽ അവർ ചെയ്യുന്ന ജോലിയുടെ അടിസ്ഥാനത്തിൽ അവരുണ്ടാക്കിയ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിനുണ്ടായ ഉയർച്ച ബന്ധപ്പെട്ടവർ മനസ്സിലാക്കാതെ പോകുന്നത് മാന്യമായ ഭാഷയിൽ നന്ദികേടെന്നല്ലാതെ മറ്റൊന്നും എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനില്ല.

ശ്രീ. എ. കെ. ബാലൻ: സർ, കേരളത്തിലെ സാമ്പത്തികരംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് നന്നായി പഠിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ അവതരിപ്പിക്കുന്നത്. ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് ഏജന്റുമാർ ചെയ്ത സേവനം വളരെ വലുതാണ്. എനിക്ക് ചോദിക്കാനുള്ളത്, യഥാർത്ഥത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിലുള്ള സമയത്ത് അമ്പതോളം ബ്രാഞ്ചുകൾ തുടങ്ങി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്ന് വർഷം കഴിഞ്ഞു. ഒരു ബ്രാഞ്ചുപോലും പുതിയതായിട്ട് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന, ഏജന്റുമാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യതയുള്ള ഈ സ്ഥാപനത്തിന്റെ പുതിയ ബ്രാഞ്ചുകൾ തുടങ്ങുന്നതിന് എന്താണ് തടസ്സമായി നിൽക്കുന്നത് എന്ന കാര്യം കൂടി ബഹുമാനപ്പെട്ട മെമ്പർ പരിശോധിച്ചിട്ടുണ്ടോ?

(ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ—തുടർച്ച)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ ബ്രാഞ്ച് തുടങ്ങുന്നതിനെക്കുറിച്ച് പറഞ്ഞു. ബ്രാഞ്ച് കമ്പ്യൂട്ടറൈസ് ചെയ്യുന്ന പുതിയ മേഖലയിലേയ്ക്ക് കൂടി കെ.എസ്.എഫ്.ഇ. കടക്കുകയാണ്. പക്ഷേ അതല്ല പ്രശ്നം. പ്രശ്നം കെ.എസ്.എഫ്.ഇ.-ക്ക് കിട്ടുന്ന വരുമാനം 60 കോടി രൂപ എന്ന് പറഞ്ഞു. അത് ഊതിപ്പെരുപ്പിച്ച അക്കൗണ്ടിംഗിന്റെ അടിസ്ഥാനത്തിലുള്ള കണക്കാണ്. അത് യാഥാർത്ഥ്യവുമായി ബന്ധപ്പെടുന്നില്ല. ആക്ച്വൽസും ഈ പറയുന്ന കണക്കുകളിൽ കാണുന്ന ലാഭവും രണ്ടും രണ്ടാണ്. പക്ഷേ എങ്കിൽപ്പോലും കെ.എസ്.എഫ്.ഇ. നന്നായി പോവുകയാണ്. കെ.എസ്.എഫ്.ഇ.യുടെ ഇപ്പോഴത്തെ

11a.m.]

മാനേജ്മെന്റ് ചെയ്തുകൊണ്ടിരിക്കുന്നത് ഒരു കുറുക്കുപണിയാണ്. അവർ ടെ അപ്പ് നടത്തുകയാണ്. സാംസംഗ് പോലെ ഇൻഡ്യയിലേയൊ അന്തർദേശീയ രംഗത്തോ ഉള്ള കമ്പനികളുമായിട്ട് അവർ ടെ അപ്പ് നടത്തുകയാണ്. ആ ടെ അപ്പ്-ന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു പലചരക്ക് കടയിൽപ്പോയി കെ.എസ്.എഫ്.ഇ. -യിലെ ജീവനക്കാരൻ പണിയെടുക്കേണ്ടുന്ന രൂപത്തിൽ ജീവനക്കാരെ തരംതാഴ്ത്തുന്ന ഒരു സമീപനം കൂടി ഇപ്പോൾ മാനേജ്മെന്റ് ചെയ്യുന്നുണ്ട് എന്നുള്ളത് അങ്ങേയ്ക്കറിയാമോ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: അങ്ങ് പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമായി കാണുകയും അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

Mr. Deputy Speaker: Your allotted time is over. You can continue next time.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ഞാൻ അടുത്ത സന്ദർഭത്തിൽ കണ്ടിന്യൂ ചെയ്യുന്നതാണ്.

(ചർച്ച തുടരും)

(2) 2004-ലെ കേരള വനിതാ സ്വയംതൊഴിൽ സഹായസംഘം ബിൽ

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, 2004-ലെ കേരള വനിതാ സ്വയം തൊഴിൽ സഹായസംഘം ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): തൊഴിൽരഹിതരായ വനിതകൾക്ക് വനിതാ കൂട്ടായ്മയിലൂടെ സ്വയംതൊഴിൽ ശാക്തീകരണം നൽകുന്നതിന് സ്വയം തൊഴിൽ സഹായ വനിതാ സംഘങ്ങൾ രൂപീകരിച്ച് "ഗ്രാമസമൃദ്ധി-ധനസഞ്ചയം" എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമാണ് ഈ ബില്ലിലൂടെ ബഹുമാനപ്പെട്ട പ്രയാർ ഗോപാലകൃഷ്ണൻ ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും മേൽനോട്ടത്തിൽ വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ അതാത് വകുപ്പുകളുടെ ഭരണനേതൃത്വത്തിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വ്യത്യസ്ത വകുപ്പുകൾ വിവിധ പദ്ധതികളിലൂടെ വനിതാ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് ബില്ലിൽ മെമ്പർ വിഭാവന ചെയ്യുന്ന പ്രകാരം ഒരു ഏകീകൃത നിയമനിർമ്മാണത്തിന് പ്രസക്തി വളരെ കുറവാണ്. അതുകൊണ്ട് ഈ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ബഹുമാന്യനായ മന്ത്രി വീണ്ടും എതിർക്കുക എന്ന അദ്ദേഹത്തിന്റെ ഔദ്യോഗികമായ ബാദ്ധ്യത നിർവ്വഹിച്ചുവെന്ന് മാത്രമേ ഞാൻ ധരിക്കുന്നുള്ളൂ. ഇവിടെ വളരെ പ്രസക്തമായ ഒരു കാര്യമുണ്ട്. ഇന്നലെകളിൽ നാം ധരിച്ചിരുന്നത്, പ്രാചീനരായ ആളുകൾക്കിടയിൽ

LIBRARY ARCHIVES Kerala Legislative Assembly